-7-

# I Semester B.A./B.Sc./B.Com. Examination, Nov./Dec. 2014
## (Repeaters) (2010-2011 and Onwards)
## LANGUAGE MALAYALAM (Part – I) (Paper – I)

Time : 3 Hours Max. Marks : 90/100

***Instructions** : 1) **100** marks for students of **2011-12** and onwards.*
*2) **90** marks for **Repeater** students prior to **2011-12**.*
*3) Question No. **V only** for **2011-12** and onwards **freshers**.*

I. ഏതെങ്കിലും **നാലു** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. **(4×5=20)**

1) 'മന്ദം കാട്ടുറവെത്തിദ്ദാഹം തീർത്തു
കന്ദരം പൂകും കേസരി പോലവൻ' – ആരെക്കുറിച്ച് ? വിവരിക്കുക.

2) 'ജനിമരണാർത്തിദമാകും തൃഷ്ണ –
യിനി നിനക്കുണ്ടാതാകയാവൂ' – എന്തിനെക്കുറിച്ചാണ് പറയുന്നത് ?

3) 'അനഘമാം ശക്തിയില്ലാഞ്ഞിദാനീം
തനതിന്ദ്രിയത്തെ ശ്ലപിക്കുന്നുണ്ടാം' – ആരുടെ കാര്യമാണ് വർണ്ണിക്കുന്നത് ?

4) 'കത്തുന്നൊരാതാപജ്വാലയലർക്കനെ
സ്പർദ്ധിക്കും മട്ടിൽ ജ്വലിച്ചു ഭൂമി' – വെയിലിന്റെ തീവ്രത വ്യക്തമാക്കുക.

5) 'സ്വച്ഛതരമായ കാനൽ പ്രവാഹത്തിൻ
നീർച്ചാലുപോലെ തെളിഞ്ഞുമിന്നി' – വ്യക്തമാക്കുക.

II. a) ഏതെങ്കിലും **രണ്ടെണ്ണത്തിന്** ഉത്തരമെഴുതുക (**ഒന്നര**പുറത്തിൽ കവിയാതെ). **(2×8=16)**

1) ആശ്രമവർണ്ണന ആശാൻ എങ്ങനെ നിർവ്വഹിച്ചിരിക്കുന്നു ?

2) ആശ്രമത്തിലെ മാതംഗിയുടെ ജീവിതം കവി എങ്ങനെ വർണ്ണിക്കുന്നു ?

3) കാവ്യാരംഭത്തിൽ, കിണറ്റിൻ കരയിലെത്തുന്ന മാതംഗിയെ കവി എങ്ങനെ വർണ്ണിച്ചിരിക്കുന്നു ?

b) ഏതെങ്കിലും **രണ്ടെണ്ണത്തിന്** ഉത്തരമെഴുതുക (**ഒന്നര**പുറത്തിൽ കവിയാതെ). **(2×8=16)**

1) 'തെറ്റായ വികസന പ്രവർത്തനങ്ങൾ പരിസ്ഥിതിയ്ക്ക് ഹാനികരം'. വ്യക്തമാക്കുക.

2) യഥാർത്ഥവികസനം എന്നാലെന്ത് ?

3) ദുരന്തത്തിന്റെ ഓർമ്മക്കുറിപ്പുകൾ – സുഗതകുമാരി അവതരിപ്പിക്കുന്നതെങ്ങിനെ ?

III. ഏതെങ്കിലും **ഒന്നിന്** ഉത്തരമെഴുതുക (**രണ്ടര**പുറത്തിൽ കവിയാതെ). **(1×15=15)**

1) 'ജാതിയെ സംബന്ധിച്ച താത്വിക ചർച്ചയാണ് ചണ്ഡാലഭിക്ഷുകി'. വ്യക്തമാക്കുക.

2) ചണ്ഡാലസ്ത്രീ 'ചണ്ഡാലഭിക്ഷുകി'യായി തീർന്നതെങ്ങിനെ ?

IV. ഏതെങ്കിലും **ഒന്നിന്** ഉത്തരമെഴുതുക (**രണ്ടര** പുറത്തിൽ കവിയാതെ). **(1×15=15)**

1) ഗൃഹാതുരത്വത്തിന്റെ മനസ്സുകൾക്ക് സമർപ്പിക്കപ്പെട്ട ഒരു ലേഖനമാണ് 'കാവുതീണ്ടല്ലേ'. വ്യക്തമാക്കുക.

2) നിശ്ശബ്ദ താഴ്‌വരയെ കയ്യടക്കുമ്പോഴുള്ള വനരോദനത്തെ സുഗതകുമാരി ചിത്രീകരിക്കുന്നതെങ്ങനെ ?

V. ഏതെങ്കിലും **ഒന്നിനെക്കുറിച്ച്** കുറിപ്പെഴുതുക. **10**

1) നിങ്ങൾക്കിഷ്ടപ്പെട്ട ഒരു നാടൻകല.

2) കേരളത്തിന്റെ തനതായ കലാരൂപം – കഥകളി.

VI. താഴെ കൊടുത്തിരിക്കുന്ന ഖണ്ഡിക വായിച്ച് ആശയം **മൂന്നിലൊന്നായി** സംഗ്രഹിക്കുക. **8**

നമ്മുടെ അടുക്കളയിൽ അത്യാവശ്യം മരുന്നുകളും ആരോഗ്യ രക്ഷാമാർഗ്ഗങ്ങളും ഉണ്ടായിരുന്നു. ഒരു തുളസിക്കാപ്പി കൊണ്ടോ ചുക്കു കഷായം കൊണ്ടോ മാറ്റാവുന്ന ജലദോഷപ്പനിയെ പതിനഞ്ചു ക്രോസിൻ വിഴുങ്ങി അഞ്ചു ദിവസം കൊണ്ട് മാറ്റിയെടുക്കലാണ് ഇപ്പോൾ ശീലം മുറിവു പറ്റിയാൽ ഒരൽപ്പം ഇല്ലനക്കരി, പൊള്ളിയാൽ മീതെ പച്ചവെള്ളം ധാര, ദഹനക്കേടിന് അയമോദക കഷായം, വയറിളക്കത്തിന്, ചുമയ്ക്ക് ചെവി വേദനയ്ക്ക് ഒക്കെ ചെത്ത്കുത്ത് മരുന്നുകൾ നമ്മുടെ അടുക്കള നിർദ്ദേശിച്ചിരുന്നു. കുഞ്ഞുങ്ങളെ തേപ്പിക്കാൻ തേങ്ങ വെന്ത വെളിച്ചെണ്ണ അവരെ കുളിപ്പിക്കാൻ ശുദ്ധമായ പയറുപൊടിയോ കടലമാവോ. എന്നും കുഞ്ഞുങ്ങളുടെ നേർത്ത ചർമ്മത്തിന് ഈ പ്രകൃതിദത്തരീതികൾ സംരക്ഷണ കവചമായിരുന്നു. അതിന്റെ സ്ഥാനം ബേബി ഓയിലുകളും ബേബി സോപ്പുകളും കയ്യേറി. വർഷക്കാലത്ത്, പ്രത്യേകിച്ചും കർക്കടകമാസം ദേഹരക്ഷയ്ക്കായി നിരവധി അടുക്കള മരുന്നുകൾ നമുക്കുണ്ടായിരുന്നു.

———————